| Email: contact.seckerala@gmail.com cru.sec@kerala.gov.in | # വാർത്താക്കുറിപ്പ് | TELEPHONE: 0471-2328158 MOBILE : 8281000127 www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 19th July 2024 |

## ഡീലിമിറ്റേഷൻ കമ്മീഷൻ ആദ്യയോഗം ചേർന്നു

തദ്ദേശസ്വയംഭരണ വാർഡ് വിഭജനത്തിനായി സർക്കാർ രൂപീകരിച്ച ഡീലിമിറ്റേഷൻ കമ്മീഷന്റെ ആദ്യ യോഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ ചേർന്നു. കമ്മീഷൻ ചെയർമാനായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അദ്ധ്യക്ഷത വഹിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡലങ്ങളുടെ / വാർഡുകളുടെ പുനർവിഭജനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളുടെ കരട് യോഗം ചർച്ച ചെയ്തു.

ഡീലിമിറ്റേഷൻ കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്തായിരിക്കും. കമ്മീഷൻ ഓഫീസ് കെട്ടിടം, ഓഫീസിന് ആവശ്യമായ ജീവനക്കാർ, ഫണ്ട്, മറ്റ് ഓഫീസ് സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ യോഗം അംഗീകരിച്ചു. പുനർവിഭജനത്തിന് വേണ്ടിയുള്ള വാർഡ് മാപ്പിംഗിന് ഇൻഫർമേഷൻ കേരളമിഷൻ വികസിപ്പിച്ച ക്യൂഫീൽഡ് എന്ന ആപ്ളിക്കേഷൻ പ്രയോജനപ്പെടുത്താനും യോഗം തീരുമാനിച്ചു.

കമ്മീഷൻ അംഗങ്ങളായ ഐടി ,പരിസ്ഥിതി വകുപ്പ് സെക്രട്ടറി ഡോ.രത്തൻ യു. ഖേൽക്കർ, പൊതുമരാമത്ത്, വിനോദസഞ്ചാരവകുപ്പ് സെക്രട്ടറി കെ.ബിജു, ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി എസ്. ഹരികിഷോർ, തൊഴിൽ നൈപുണ്യ, ഗതാഗത വകുപ്പ് സെക്രട്ടറി ഡോ. കെ.വാസുകി , കമ്മീഷൻ സെക്രട്ടറി എസ്.ജോസ്നമോൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

*(എസ്.ഇ.സി.23/2024)*